**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 349** **01-02-2023 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 3,996 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എത്ര വീതം വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 3,001 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. പൂർത്തീകരിച്ച വീടുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ പുതിയ അപേക്ഷകർക്ക് വീട് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) | 15.11.22-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15.11.2022-ലെ സ.ഉ. (സാധാ) നം. 2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോ ക്താക്കളേയും കരാർ വയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 12,845 ഗുണഭോക്താക്കൾ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിലെ അർഹരായ പലരും അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന ആക്ഷേപം പരിശോധിക്കുമോ; ഇവരെക്കൂടി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | അത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ലൈഫ് മാനദണ്ഡപ്രകാരം അർഹരായ എല്ലാ ഗുണഭോക്താക്കളും ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | അഗളി | 850 |
| 2 | അലനല്ലൂർ | 299 |
| 3 | കോട്ടോപ്പാടം | 206 |
| 4 | കുമരംപുത്തൂർ | 275 |
| 5 | പുതൂർ | 135 |
| 6 | ഷോളയൂർ | 288 |
| 7 | തെങ്കര | 426 |
| 8 | മണ്ണാർക്കാട് മുനിസിപ്പാലിറ്റി | 522 |
| | ആകെ | 3001 |